**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1426** | **07-10-2021 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ വരടിമല എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 1947-ന് മുൻപ് അട്ടപ്പാടിയിലെ വരടിമല എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം ആർക്കായിരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | ഷോളയൂർ വില്ലേജിലെ ലഭ്യമായ രേഖകൾ പരിശോധിച്ചതിന്റേയും പ്രാദേശികമായ അന്വേഷണം നടത്തിയതിന്റെയും അടിസ്ഥാനത്തിൽ 1947 -ന മുൻപ് അട്ടപ്പാടിയിലെ വരടിമല എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം മണ്ണാർക്കാട് മൂപ്പിൽ നായർക്കായിരുന്നു . |
| (ബി) | ടി എസ്റ്റേറ്റ് സ്വദേശികൾക്ക് കൈമാറിയത് എന്നായിരുന്നുവെന്ന് അറിയിക്കുമോ; | (ബി) | 1945 ലെ 2024/1945 ലീസ് ആധാര പ്രകാരം 99 വർഷത്തേക്ക് ലീസായി ശ്രീ. ടി.കെ. അലക്സാണ്ടർ എന്നവർക്ക് ലഭിച്ചിട്ടുള്ളതും അലക്സാണ്ടരുടെ കാലശേഷം ടിയാന്റെ അവകാശികളായ ടി.കെ. ഉമ്മൻ, ഭവാനി ടീ പ്രോഡ്യൂസേഴ്സ് കമ്പനി പേരിലും നിലവിൽ ടി.കെ. ഉമ്മന്റെ മകനായ പ്രസാദ് ഉമ്മൻ, ഭവാനി ടീ പ്രോഡ്യൂസേഴ്സ് കമ്പനി മാനേജിംഗ് ഡയറക്ടർ എന്നവരുടെ പേരിലുമാണ്. |
| (സി) | 1947-ന് മുൻപ് വിദേശകമ്പനികൾക്ക് സംസ്ഥാനത്ത് എത്ര എസ്റ്റേറ്റുകളുടെ ഉടമസ്ഥാവകാശം ഉണ്ടായിരുന്നു; വിശദാംശങ്ങൾ നൽകുമോ? | (സി) | പാലക്കാട് ജില്ല ചിറ്റൂർ താലൂക്ക് നെല്ലിയാമ്പതി വില്ലേജിൽ 800 ഏക്കറോളം കൈവശ ഭൂമിയുള്ള പോബ്സ് ഗ്രൂപ്പ് ഓഫ് കമ്പനിയിന്മേലാണ് 1947-ന മുൻപ് വിദേശ കമ്പനികൾക്ക് ഉടമസ്ഥാവകാശമുണ്ടായിരുന്നത്. |

സെക്ഷൻ ഓഫീസർ